majeedkuttambur@gmail.com
മജീദ് കുട്ടമ്പൂർ



# ഭക്ഷണത്തിലൂടെ രോഗങ്ങൾ വിരുന്നെത്തുന്നു

കൊളസ്ട്രോളും ഷുഗറും കാൻസറും അൾസറുമൊക്കെ പേടിച്ച് മാംസോപയോക്താക്കളായവർ കുറച്ചൊന്നുമല്ല പച്ചക്കറിയിലേക്ക് കാലുമാറിയത്. എന്നാലോ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊടും വിഷത്തിൽ മുക്കിയെടുത്ത പച്ചക്കറികൾ കഴിക്കുന്ന സസ്യാഹാരികളാണിപ്പോൾ മാംസാഹാരികളെക്കാൾ മാരക രോഗങ്ങൾക്ക് വിധേയരാകുന്നത്. എന്തും ഏതും വളരെ വേഗം വിറ്റഴിക്കാൻ സാധിക്കുന്ന കേരളത്തിൽ ദിനംപ്രതി ഏകദേശം രണ്ടായിരം ടൺ പച്ചക്കറികളാണ് തമിഴ്നാട്, കർണാടക, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നെത്തുന്നത്. അപകടകര മാംവിധം വിഷാംശങ്ങളടങ്ങിയ പച്ചക്കറികളും പലവ്യഞ്ജനങ്ങളുമാണിവയെന്ന് പലതവണ തെളിയിക്കപ്പെട്ടതാണ്. വീട്ടിലും സദ്യകളിലും തട്ടുകട മുതൽ വൻകിട ഹോട്ടലുകൾ വരെ ഉൾപ്പെടുന്ന സകല ഭക്ഷ്യ വിപണന മേഖലകളിലുമെല്ലാം ഉപയോഗിക്കുന്നതും ഇവ തന്നെ.

ശരാശരി മലയാളി ഒരു ദിവസം കഴിക്കുന്ന മാംസാഹാരത്തിൽ 356 മില്ലി ഗ്രാമും, സസ്യാഹാരത്തിൽ 362 മില്ലി ഗ്രാമും വിഷാംശമുണ്ടെന്നാണ് കണക്ക്. യു.എസ്സിൽ ഇത് 7.6 മില്ലി ഗ്രാമും ബ്രിട്ടനിൽ 12 മില്ലി ഗ്രാമും കാനഡയിൽ 13 മില്ലി ഗ്രാമുമാണെന്നറിയുമ്പോഴാണ് നാം അകത്താക്കുന്ന വിഷത്തിന്റെ അളവ് ബോധ്യപ്പെടുക. നാം വാങ്ങുന്നതും ഉപയോഗിക്കുന്നതുമായ സകല വസ്തുക്കളും മായത്തിന്റെയും വിഷാംശത്തിന്റെയും നീരാളിപ്പിടിത്തത്തിലാണ്. ഉപഭോക്താവാണ് രാജാവ് എന്നൊക്കെ പറയുമെങ്കിലും നമ്മൾ കഴിക്കുന്നതിലെ വിഷാംശം എത്രയെന്നോ, അതിന്റെ അപകട തോതോ മനസ്സിലാക്കാനുള്ള സംവിധാനമൊന്നുമില്ല.

കറിവേപ്പില, പുതിയിന, മല്ലിയില, പച്ചമുളക്, ക്യാരറ്റ്, തക്കാളി, വെണ്ടക്ക, കോളിഫ്ളവർ, കാബേജ് തുടങ്ങി 17 ഇനം നിത്യോപയോഗ പച്ചക്കറികളിൽ കീടനാശിനിയുടെ അളവ് അപകടകരമാം വിധമാണെന്ന് കൃഷിവകുപ്പ് വ്യക്തമാക്കിയതാണ്. വിത്തു മുളക്കാൻ, ചെടി വളരാൻ, പൂവിടാൻ, പൂവ് കൊഴിയാതിരിക്കാൻ, കായ്ക്കാൻ, കായ വളരാൻ, കീടങ്ങൾ ആക്രമിക്കാതിരിക്കാൻ, പഴുപ്പിക്കാൻ, കേടുവരാതിരിക്കാൻ തുടങ്ങി ഒരു ഫലത്തിന്റെ ജീവിതചക്രം മുഴുവൻ വിഷ രാസവസ്തു പ്രയോഗങ്ങളാണ്. ആപ്പിൾ, ഓറഞ്ച്, മുന്തിരി തുടങ്ങിയവയിൽ നിരോധിത കീടനാശിനികളുടെ അളവ്, അനുവദിക്കപ്പെട്ടതിലും 140 ശതമാനം കൂടുതലാണ്. വിളവെടുക്കാൻ 5 മാസം വേണ്ട ക്യാരറ്റിൽ 53 തവണയാണ് വിഷപ്രയോഗം നടത്തുന്നതത്രെ!

മായവും വിഷവും കലർന്നിട്ടുള്ളത് പച്ചക്കറികളിൽ മാത്രമല്ല. ഇറച്ചിക്കോഴി സാമ്പിളിൽ 40 ശതമാനത്തിലും ആന്റിബയോട്ടിക്കിന്റെ അംശം കണ്ടെത്തിയത് ഈയിടെയാണ്. മോർച്ചറിയിൽ മൃതദേഹം കേടുവരാതിരിക്കാൻ ഉപയോഗിക്കുന്ന ഫോർമാലിൻ എന്ന രാസവസ്തു മീനിലും ഐസിലും അച്ചാറിലും ഉപയോഗിക്കുന്നു. ഭക്ഷണ സാധനങ്ങൾക്ക് നിറം ലഭിക്കുന്നതിന് സാഫ്റോൺ, ടർമറിക് തുടങ്ങിയ രാസവസ്തുക്കളും, ബേക്കറി വസ്തുക്കളിൽ നിറം കിട്ടാനുള്ള രാസവസ്തുക്കളും, മധുരം കിട്ടാൻ സാക്കറിനും, കേട് കൂടാതെ സൂക്ഷിക്കാൻ സോർബിക് ആസിഡും ചേർക്കുന്നു. പാലും കണ്ണടച്ച് വാങ്ങി കുടിക്കാനാവില്ല. അന്യ സംസ്ഥാന പായ്ക്കറ്റ് പാലുകളിൽ കേട് വരാതിരിക്കാനുള്ള രാസപ്രയോഗം നടത്തുന്നു. കോളിഫോം ബാക്ടീരിയ, പെറോക്സൈഡ് എന്നിവയുടെ സാന്നിധ്യവും കണ്ടെത്തിയിട്ടുണ്ട്. പാലിൽ നിന്ന് ക്രീം സെപ്പറേഷൻ മെത്തേഡിലൂടെ വേർതിരിക്കുന്ന ക്രീം ഉപയോഗിച്ചാണ് ഐസ്ക്രീം ഉണ്ടാക്കേണ്ടതെങ്കിലും പലയിടത്തും ഉപയോഗിക്കുന്നത് കൃത്രിമ വസ്തുക്കൾ. രഹസ്യ കേന്ദ്രങ്ങളിലെ മില്ലുകളിലെത്തിച്ച് പാംഓയിൽ പുരട്ടി മെഷീനിലൂടെ പോളിഷ് ചെയ്ത അരിയും ധാരാളം. പണ്ട് പാലിൽ വെള്ളം ചേർക്കാറുണ്ടായിരുന്നു- അത് അപകടകരമായിരുന്നില്ല. ഇപ്പോൾ പാലിന് കൊഴുപ്പു കൂട്ടാൻ സ്കാർച്ച് ഉപയോഗിക്കുന്നത് വലിയ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.

ഇവയെല്ലാം നിത്യം ഉപയോഗിക്കുന്ന മലയാളിക്ക് വിവിധതരം കാൻസറുകൾ, ഹൃദ്രോഗം, പ്രമേഹം, പൊണ്ണത്തടി, ഗർഭമലസൽ, രക്തസമ്മർദം, വന്ധ്യത, ശ്വാസകോശ രോഗങ്ങൾ, കിഡ്നി രോഗങ്ങൾ, അൾസർ തുടങ്ങിയവ പിടിപെടുന്നതിന് വേറെ കാരണം അന്വേഷിക്കേണ്ടതില്ല.

മറ്റു രാജ്യങ്ങളിൽ ഗുണനിലവാരമുള്ള വസ്തുക്കൾ ഉൽപാദിപ്പിക്കുമ്പോഴും, വിതരണം ചെയ്യുമ്പോഴും പൊതു ഭക്ഷണ ശാലകളിലും എല്ലാ ഘട്ടത്തിലും സൂക്ഷ്മ നിരീക്ഷണമുണ്ട്. നിലവാരമില്ലാത്തതോ അപകടകരമായതോ ആയ ഭക്ഷ്യവസ്തുക്കൾ ശ്രദ്ധയിൽ പെട്ടാൽ അന്വേഷണം നടത്തുകയും അതിന്റെ സ്രോതസ്സുകൾ മുഴുവൻ പിൻവലിക്കുകയും മേലിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കർശനമാക്കുകയും ചെയ്യും. അത്തരം സംവിധാനങ്ങളൊക്കെ നമുക്ക് പേരിന് മാത്രമേയുള്ളൂ. പ്രത്യക്ഷത്തിൽ വിഷബാധയോ ദുരന്തമോ ഉണ്ടാകുമ്പോഴുള്ള ഒച്ചപ്പാട് മാത്രമേ നമുക്കുള്ളൂ. വയറ്റിൽ നിന്ന് പുറത്തേക്ക് പോകുന്നവ പരിശോധിക്കാൻ കേരളത്തിലെ മുക്കുമൂലകളിലെല്ലാം ലക്ഷക്കണക്കിന് ലാബുകളുണ്ട്. എന്നാൽ വയറ്റിലേക്ക് പോകുന്നത് പരിശോധിക്കാൻ ഏതാനും ലാബുകളും കാര്യക്ഷമതയില്ലാത്ത സംവിധാനങ്ങളും കുറഞ്ഞ ഉദ്യോഗസ്ഥരുമാണ് മൂന്നേകാൽ കോടി ജനങ്ങൾക്കായുള്ളത്. ഒരാളെ ആക്രമിക്കുന്നതും കുത്തിയോ വെട്ടിയോ കൊല്ലുന്നതും ക്രിമിനൽ കുറ്റമായ നാട്ടിൽ അനേകായിരങ്ങളെ വിഷം കൊടുത്ത് ഇഞ്ചിഞ്ചായി കൊല്ലുന്നത് തടയാനും ശിക്ഷിക്കാനുമുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഇല്ലെന്ന് വേണം പറയാൻ.

സ്വന്തം ഭൂമിയുണ്ടായിട്ടും വിത്തും കൈക്കോട്ടും മണ്ണും വെറും ഓർമകളും കഥകളുമായി മാറിപ്പോയത് തന്നെ ഈ ദുരന്തത്തിന്റെ ഏറ്റവും വലിയ കാരണം. കൃഷിയിറക്കുന്നതും ചെടി നടുന്നതും വിഷമുക്തമായ വിഭവമെങ്കിലും വിളയിക്കുന്നതും പ്രഭാഷണങ്ങളിൽ മാത്രം ഒതുങ്ങിപ്പോയിരിക്കുന്നു. അന്യദേശക്കാരന്റെ വിഷം തിന്നാൻ തന്നെ നമ്മുടെ വിധി! ■

Vol. No: 71 Issue No. 25 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla